

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

നം.കെ.എസ്.എ-പികെഡി.9/470/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി: 20-06-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-08-2017 മുതൽ 13-03-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	14-03-19 മുതൽ 25-03-19 വരെ

ശ്രീ.കെ.ആർ.പ്രകാശ് ബാബു	ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ശിവപ്രസാദ്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഐ.കന്ദസ്വാമി	ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി.പി.ടി.കമറുൽ ലൈല	1-4-17 മുതൽ 31-3-18 വരെ
സെക്രട്ടറി	കെ.മുഹമ്മദ് ഷാഫി	01-4-17മുതൽ 11-04-17വരെ 17.5.17 മുതൽ 5.6.17 വരെ
	പി. സിഫി (AS. I/C)	12.4.17 മുതൽ16.5.17 വരെ
	ശ്രീമതി. വി.ആർ മല്ലിക	6-6-17 മുതൽ 31.3.18 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	നീതു എൻ.എസ്	1-4-17 മുതൽ 31-7-17 വരെ
	ശ്രീ.കെ.എൻ. ശശിധരൻ	1-8-17 മുതൽ 13-12-17 വരെ

	നീതു ചന്ദ്രൻ	14-12-17 മുതൽ 31-3-18വരെ
വി.ഇ.ഒ	എസ്.സന്ദീപ്	1-4-17 മുതൽ 31-3-18 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	വൽസലകുമാരി പി.കെ	1-4-17 മുതൽ 31-3-18 വരെ
അസി.എഞ്ചിനീയർ	അബ്ദുൾ അസീസ് കെ	1-4-17 മുതൽ 10-4-17 വരെ
	ഫെബിൻ പി. പോൾ	11-4-17 മുതൽ 30-6-17 വരെ
	സിനി ബി.എസ്	01-7-17 മുതൽ 31-3-18 വരെ
മെഡിക്കൽ ഓഫീസർ PHC	ഡോ.ഷാനവാസ് കെ.വി	1-4-17 മുതൽ 31-3-18വരെ
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ.എം.എ. അസ്മാബി	1-4-17 മുതൽ 31-3-18 വരെ
മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ.നസ്റീൻ	1-4-17 മുതൽ 31-3-18 വരെ
വെറ്ററിനറി സർജ്ജൻ	ഡോ.പി.കെ.ജയചന്ദ്രൻ	01-4-17 മുതൽ 31-3-18 വരെ
ഡയറി ഡവലപ്മെന്റ് ഓഫീസർ	പി.വി.പ്രിയ	1-4-17 മുതൽ 31-3-18 വരെ
ഹെഡ് മിസ്ട്രസ്	എൻ.ബാലാമണി	1-4-17 മുതൽ 31-3-18 വരെ
അസി.സെക്രട്ടറി	പി. സിഫി	1-4-17 മുതൽ 31-3-18 വരെ

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

28-03-2017 തീയതിയിലെ തീരുമാനം നം.1പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി

31-7-18	08-5-18	----	-----

1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2017-18	24-06-18	നം.കെ.എസ്.എ-പികെഡി.21/1904(32)/2018 തിയതി:29-8-2018

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	4135577
വരവ്	64430314
ആകെ	68565891
ചെലവ്	66374305
നീക്കിയിരിപ്പ്	2191586

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	12089000	12089000	11062648	1026352
വികസന ഫണ്ട്-SCP (ACR പ്രകാരം)	0	8958526	8958526	6240987	2717539
വികസന ഫണ്ട്-TSP (ACR പ്രകാരം)	0	0	0	0	0
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	20270000	20270000	20247213	22787
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	2681000	2681000	2371870	309130
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)	0	5677287	5677287	3034561	2642726

KLSGDP (ACR പ്രകാരം)		0	1920445	1920445	1852174	68271
സാക്ഷരത		285	11	296	0	296
ദുരിതാശ്വാസനിധി		0	0	0	0	0
MGNREGS	തൊഴിലാളികളുടെ കൂലി	0	9778569	9778569	9778569	0
	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	1400	655569	656969	654041	2928
ജോയിന്റ് വെഞ്ചർ അക്കൗണ്ട്	ബ്ലോക്ക് പഞ്ചായത്ത്	0	822548	822548	822548	0
	ജില്ലാ പഞ്ചായത്ത്	0	50000	50000	50000	0
ബി ഫണ്ട്		0	737584	737584	737584	0
ജനറൽ പർപ്പസ് ഗ്രാന്റ്		2308320	8640000	10948320	10804009	144311
തനത് ഫണ്ട്	ബാങ്ക് അക്കൗണ്ട്	1825572	2042895	3868467	1861737	2006730

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
339	84315308	215	47367046	nil	124	36.5

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	8	8	3461361	2235569	64.58
വി.ഇ.ഒ	12	9	8824500	3912900	44.34
ICDS സൂപ്പർവൈസർ	6	6	5134394	4136087	80.5
സെക്രട്ടറി	23	10	4345172	2401427	55.26
അസിസ്റ്റന്റ് എഞ്ചിനിയർ	260	161	50897525	29670067	58.29
മെഡിക്കൽ ഓഫീസർ-PHC	5	5	772600	725250	93.87
മെഡിക്കൽ ഓഫീസർ-ISM	2	2	450000	450000	100

മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	200000	200000	100
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	200000	200000	100
അസി.സെക്രട്ടറി	11	6	4916000	1371990	27.9
വെറ്ററിനറി സർജൻ	5	3	4000000	1035000	25.87
ഹെഡ് മാസ്റ്റർ	5	2	1113756	1028756	92.36
ആകെ	339	215	84315308	47367046	56.17

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	1400	655569	656969	654041	2928
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	9778569	9778569	9778569	0
100 ദിവസത്തെ ബത്ത	0	58000	58000	58000	0
ആകെ	1400	10492138	10493538	10490610	2928

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	94560	162
കർഷകതൊഴിലാളി പെൻഷൻ	3801800	329
വിധവാപെൻഷൻ	12915900	1091
വാർദ്ധക്യകാലപെൻഷൻ	18738400	1615
വികലാംഗപെൻഷൻ	3255800	290
50 വയസ്സ്കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം	1140800	97
വിധവകളുടെ പെൺമക്കൾക്കുൾക്കുള്ള വിവാഹ ധനസഹായം	150000	5

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-3-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14468/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1) D&O ലൈസൻസ് പുതുക്കിയ ചട്ടങ്ങൾക്കനുസരിച്ച് ഫീസ് ഈടാക്കേണ്ടതാണ്.

2)തൊഴിൽനികുതി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ്. നികുതിപിരിവിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

3)ബിൽഡിംങ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കേണ്ടതുമാണ്(ഖ.2-3കാണുക)

4) ബജറ്റ് തയ്യാറാക്കുന്നതുമായിബന്ധപ്പെട്ട ഏല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്.

5) ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്.

6) മാലിന്യ സംസ്ക്കരണം സംബന്ധിച്ച സർക്കാർനിർദ്ദേശം പാലിക്കേണ്ടതാണ്.

7) ഭവനനിധി രൂപീകരിക്കേണ്ടതാണ്.

8) പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം പാലിക്കേണ്ടതാണ്.

9) സെക്രട്ടറി,അസി.സെക്രട്ടറി തുടങ്ങിയ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ട് രേഖകൾ ഭാഗികമായി മാത്രം ഓഡിറ്റിന് ഹാജരാക്കിയത് ക്രമവിരുദ്ധമാണ്.

10) ബിറ്റുമെനു വേണ്ടി പെട്രോളിയം കമ്പനികൾക്ക് നൽകിയ തുകയിൽ ബാക്കി ഈടാക്കേണ്ടതാണ്.

11) മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

12) മെയിന്റനൻസ് ഗ്രാന്റ് ചട്ടവിരുദ്ധമായി റോഡ് നിർമ്മാണപ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

13) സ്പിൽ ഓവർ പ്രവൃത്തികൾ നിശ്ചിതകാലയളവിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്.

14) വെള്ളക്കരവുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടാകുന്ന അധിക ബാധ്യത ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് (ഖ.3-11 കാണുക).

15) കാർഷിക മേഖലയിൽ പ്രോജക്ടുകൾ ആവിഷ്ക്കരിക്കുമ്പോൾ വിള വിസ്തൃതിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ ഉതകുന്ന പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.

16) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

17) പദ്ധതികളുടെ മോണിറ്ററിംങ് സംവിധാനം ശക്തമാക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് നം/ തീയതി
പെർഫോമൻസ് ഓഡിറ്റ്	20-02-2019	01/19	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	04-03-2014	2008-09 മുതൽ 2012-13 വരെ	നം.എൽ.ബി.എ (എച്ച്.ക്യു) VI/8-ബി-914/2013-14/18 dt.17.04.2014

1-12 വാർഷികകണക്കുകളിലെ അപാകതകൾ

സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ- ഒന്നുമില്ല

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്- രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 189 സ്ഥാപനങ്ങൾക്ക് 2017-18 വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

1. ലൈസൻസ് ഫീസ് - പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ഫീസ്ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ.

31.10.2017 ലെ ജി.ഒ(പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം ചട്ടത്തിലെ (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) എന്നത് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. അത്തരത്തിൽ പുതുക്കിയ ചട്ടങ്ങൾക്കനുസരിച്ച് ഫീസ് ഈടാക്കുവാനുള്ള തീരുമാനങ്ങളൊന്നും ഗ്രാമപഞ്ചായത്ത് എടുത്തതായി കാണുന്നില്ല.

പുതുക്കിയ ചട്ടങ്ങൾ പ്രകാരംമൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

2. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് ഫീ ഡിമാന്റ് കൃത്യത ഉറപ്പാക്കുന്നതിന് ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്.

3.റേഷൻകടകൾക്ക് ലൈസൻസ് എടുത്തിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). എന്നാൽ തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല.

4. അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ലഭിക്കുന്നതിനായുള്ള എല്ലാ അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ കാണുന്നു.

5. പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ ഇനത്തിൽ വ്യത്യാസം കാണുന്നു.

പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കായി പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചു വരുന്നുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ ഇനത്തിൽ 300 രൂപയുടെ വരവ് കാണുന്നു. എന്നാൽ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർപ്രകാരം 600 രൂപയും അപേക്ഷകൾ പരിശോധിച്ചതിൽ 1150 രൂപ വരവ് വന്നതായും കാണുന്നു. ഇത്തരത്തിൽ വന്ന വ്യത്യാസങ്ങൾക്ക് കാരണം വിശദീകരിക്കേണ്ടതാണ്.
ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻകയറിക്ക് (6/19-3-19) നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2-2 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 2017-18 വർഷത്തെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി റിട്ടേൺസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തൻമൂലം വരുമാനത്തിനാനുപാതികമായാണോ നികുതി പിരിച്ചിട്ടുള്ളത് എന്ന് ഓഡിറ്റിന് പരിശോധിക്കാനൊ ഉറപ്പ് വരുത്താനൊ സാധിച്ചിട്ടില്ല.

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനം	2017-18 അർദ്ധ വർഷം
ശാന്തി ഹോമിയോ ക്ലിനിക് , കരിങ്കല്ലത്താണി	I &II
BSNL	I &II
ആദിത്യ ആയുർവേദ ഹോസ്പിറ്റൽ	I &II
കെപിഎം അഗ്രോ ഫുഡ് പ്രൊഡക്റ്റ് പ്രൈവറ്റ് ലിമിറ്റഡ്	I &II
മാവേലി സ്റ്റോർ അണ്ണാൻതൊടി	I &II
ചാത്തല്ലൂർ സർവീസ് ബാങ്ക് ചാത്തല്ലൂർ ,ചാത്തല്ലൂർ സർവീസ് ബാങ്ക് കരിങ്കല്ലത്താണി, ചാത്തല്ലൂർ സർവീസ് ബാങ്ക് പാലോട്	I

3.തൊഴിൽ നികുതി രജിസ്റ്റർ പൂർണ്ണമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 205ബി, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം13 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതും തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

4.സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്.ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയ്ക്കാ നൽകേണ്ടതുമാണ്. എന്നാൽ

തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ ചട്ടപ്രകാരമുള്ള സ്ഥാപനരജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതുമാണ്.

5. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടം ഉണ്ടാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	സ്ഥാപനം	ഡോർ നം.	ജീവനക്കാരുടെ എണ്ണം
1	Fortune meat products	12/678,680	4
2	Brothers engineering works	4/596	3
3	Kpm agro food products	5/693	20
4	Nishad, sastha saw mill	12/335	4
5	Anoop, yamaha bike sales	13/581,620	5
6	Sagar wood works	4/503	4
7	Adithya ayurveda hospital	15/111	10
8	Isaf poly clinic	16/627,628	6
9	National sanitaries	16/145	4
10	Royal bakery	16/776,777,778,779,780	4

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്നു കാണുന്നു. .

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	ഐ സി ഡി പി സബ് സെന്റർ പാലോട്	1 & 2
2	വെറ്ററിനറി ഡിസ്പെൻസറി ചെത്തല്ലൂർ	1
3	മാവേലി സ്റ്റോർ അണ്ണാൻതൊടി	1 & 2
4	പോസ്റ്റോഫീസ്, ചാത്തല്ലൂർ	1
5	ശാന്തി ഹോമിയോ ക്ലിനിക്, കരിങ്കല്ലത്താണി	1 & 2
6	ആദിത്യ ആയുർവേദ ഹോസ്പിറ്റൽ	1 & 2
7	കെപിഎം അഗ്രോ ഫുഡ് പ്രൊഡക്റ്റ് പ്രൈവറ്റ് ലിമിറ്റഡ്	1 & 2
8	എൻ ആർ ഇ ജി എസ് ടെക്നിക്കൽ അസിസ്റ്റന്റ്	1 & 2

9	പി ടി വി ഗ്രാനൈറ്റ്	2

6. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-18 വർഷം തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ്മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി ഈടാക്കിയതായോ കാണുന്നില്ല. ഇവർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

7. ചെത്തല്ലൂർ സർവീസ് ബാങ്ക് കരിങ്കല്ലത്താണി, ചെത്തല്ലൂർ സർവീസ് ബാങ്ക് പാലോട് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചെത്തല്ലൂർ സർവീസ് ബാങ്ക് ചെത്തല്ലൂർ എന്ന ബ്രാഞ്ചിൽ നിന്ന് മാത്രമേ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത് കാണുന്നുള്ളു. മറ്റു ബ്രാഞ്ചുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറി നം. 07/19.03.2019 ന് മറുപടി ലഭിച്ചിട്ടില്ല.

2-3 ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു.

കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 11 (3) ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ തറ വിസ്തീർണ്ണം (Floor Area) അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത്. എന്നാൽ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ എല്ലാ അപേക്ഷകളിലും പെർമിറ്റ് ഫീസ് നിർണ്ണയിച്ചിരിക്കുന്നത് പ്ലിന്ത് ഏരിയ (Plinth Area)അടിസ്ഥാനമാക്കിയാണ്. കെട്ടിടനിർമ്മാണ ചട്ടത്തിൽ നിർവചിച്ചിട്ടുള്ള പ്രകാരമല്ല പെർമിറ്റ് ഫീസ് കണക്കാക്കിയിരിക്കുന്നത്. കെട്ടിടങ്ങളുടെ പ്ലാൻ പരിശോധിച്ചതിൽ പ്ലിന്ത് ഏരിയ, കാർപ്പെറ്റ് ഏരിയ എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സങ്കേതം സോഫ്റ്റ്വെയറിൽ പെർമിറ്റ് ഫീ ഡിമാന്റ് ജനറേറ്റ് ചെയ്യപ്പെടുന്നത് പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയാണ്. സാങ്കേതിക പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തി കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2011 പ്രകാരം പെർമിറ്റ് അനുവദിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. അനധികൃത നിർമാണം സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് നമ്പർ 29342/ആർ.എ 1 /2014 തീയതി 19/5/2014 ഉത്തരവ് പ്രകാരം അനധികൃത നിർമാണത്തെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതും അനധികൃത നിർമാണത്തെ കുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റുകളിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2-4 ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, നികുതികൾ, ബജറ്റ്, പൊതുഭരണം, നികുതിയുമായി ബന്ധപ്പെട്ട അപ്പീലുകൾ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്.

ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാനവൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാനവലിന്റെ 2.2,2.3,2.4 എന്നീ ഖണ്ഡികകളിൽ പദ്ധതി-പദ്ധതിയേതര ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കരട് ബജറ്റ് രൂപീകരണം എന്നിവ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റ് രൂപീകരണത്തിന്റെ സമയക്രമം ഖണ്ഡിക 2.5 ലും നിർദ്ദേശിച്ചിട്ടുണ്ട്.

2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർത്തിട്ടുള്ളതായോ,സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളതായോ നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയോ ചെയ്തതായും രേഖകൾ പ്രകാരം കാണുന്നില്ല.

2. അംഗീകരിച്ച വാർഷിക പദ്ധതികളും നോൺ പ്ലാൻ എസ്റ്റിമേറ്റുകളും സംയോജിപ്പിച്ചാണോ കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

3. നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കായി കൈമാറിയതായൊ, ആയത് ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

4. ഗ്രാമഭയിൽ നിന്നുള്ള നിന്നുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് കരട് വികസന രേഖ തയ്യാറാക്കി ഇത് ഭരണസമിതി മുമ്പാകെ സമർപ്പിക്കേണ്ടതും, ആയത് വികസന സെമിനാറിൽ ചർച്ച ചെയ്യേണ്ടതുമാണ്. 25/05/2017 തിയതിയിൽ വികസന സെമിനാർ നടത്തിയതായി മിനിറ്റ്സിൽ കാണുന്നുണ്ടെങ്കിലും ചർച്ചകൾ നടത്തിയതിന്റെ വിവരങ്ങൾ കാണുന്നില്ല.

വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

2-5 മൊബൈൽ ടവറുകളുടെ കുടിശ്ശിക ഈടാക്കേണ്ടതാണ്.

1. സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി കാണുന്നു. മൊബൈൽ ടവറുകളുടെ പെർമിറ്റ്, വസ്തുനികുതി എന്നിവ പരിശോധിച്ചതിൽ ബി.എസ്എൻ.എൽ (ഡോർ നമ്പർ 5/159) വസ്തു നികുതി ഇനത്തിൽ 42528/-രൂപ കുടിശിക ഉണ്ട് (2013-14 സാമ്പത്തിക വർഷം മുതൽ 2017-18 വർഷം വരെ). ഇവരിൽ നിന്നും വസ്തു നികുതി കുടിശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഡോർ നമ്പർ .10/540/t ൽ പ്രവർത്തിക്കുന്ന ഇൻഡസ് ടവേഴ്സ് എന്ന മൊബൈൽ ടവറിന് ഇതുവരെയായും ചട്ടപ്രകാരമുള്ള വസ്തുനികുതി നിർണ്ണയിക്കുകയൊ, ഈടാക്കുകയൊ ചെയ്തിട്ടില്ല. സഞ്ചയ അസസ്മെന്റ് പ്രകാരം ഇൻഡസ് ടവേഴ്സിന്റെ വസ്തുനികുതി പൂജ്യമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തുനികുതി നിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

3.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കേണ്ടതുമാണ്. മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃതമായി മൊബൈൽ ടവറുകൾ ഒന്നും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറി നം. 14/19.03.19 ന് മറുപടി ലഭിച്ചിട്ടില്ല.

2-6 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3,4,5,6 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രക്രതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതും, നിധിയുമായി ബന്ധപ്പെട്ട രസീത് ബുക്ക്, ബാങ്ക് പാസ് ബുക്ക്, രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറി നം. 11/19.03.2019 ന് മറുപടിയായി 04.11.2017 ലെ 1(2) നമ്പർ തീരുമാനപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2-7 മാലിന്യ സംസ്കരണം -സർക്കാർ നിർദ്ദേശം നടപ്പിലാക്കിയില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച് സംസ്ഥാന സർക്കാർ 22.07.2017 ൽ സ.ഉ. (സാധാ) 2511/2017 ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം

1)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി -പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ കാന്റീനുകൾ എന്നിവടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യ സംവിധാനങ്ങൾ 2017 സെപ്തംബർ 15 ന് മുമ്പായി സജ്ജീകരിക്കണം.

2)അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഫീസ് ഒടുക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്നതിന് നടപടി സ്വീകരിക്കണം.

3)ഉത്തരവ് പ്രകാരം 2017 സെപ്തംബർ 15 നകം മാലിന്യ സംസ്കരണ നടപടി സ്വീകരിക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണ്.

4)പുതുതായി ലൈസൻസ് അപേക്ഷിക്കുന്ന മേൽപറഞ്ഞ രീതിയിലുള്ള സ്ഥാപനങ്ങൾ മേൽ വിവരിച്ച രീതിയിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ലൈസൻസ് ഇനിമേൽ നൽകാവൂ എന്നും നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

സർക്കാർ ഉത്തരവിലെ മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻകൗയറി നം. 09/19.03.2019)

2-8 ഭവന നിധി രൂപീകരിച്ചിട്ടില്ല.

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെ എങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. എന്നാൽ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ മേൽ നിർദേശപ്രകാരമുള്ള ഭവനനിധി രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻകൗയറി നം.10/19.03.2019)

2-9 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയിട്ടില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ കുറഞ്ഞ കനം 50 മൈക്രോണായി നിശ്ചച്ചയിച്ചിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരിബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപ്പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ വർഷത്തിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്നും ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ആയത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-10 മാവേലി സ്റ്റോറിന്റെ വാടക കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

കേരള സർക്കാരിൻറെ 04/02/2013 തിയതിയിലെ തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് 301/2013 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അഞ്ചു വർഷത്തെ വാടക രഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന കെട്ടിടങ്ങൾക്ക് ആജീവനാന്തകാലത്തേക്ക് വാടകരഹിതകെട്ടിടവും നൽകേണ്ടതാണ്. എന്നാൽ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപക്സിൽ 2004-2005 മുതൽ പ്രവർത്തിക്കുന്ന മാവേലിസ്റ്റോറിന് ഇതുവരെയായും വാടക നിർണ്ണയിക്കുകയൊ, വാടക ഈടാക്കുകയൊ ചെയ്തിട്ടില്ല. ടി കെട്ടിടത്തിന് വാടക നിർണയിച്ച് വാടക കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ വാടക സംബന്ധിച്ച ബൈലൊ തയ്യാറാക്കി സർക്കാറിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. (ഓഡിറ്റ് എൻകയറി നം. 20/21.03.2019)

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്ടുകൾ - രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല- 1305073 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	പ്രൊജ. നം	പ്രൊജക്ടിന്റെ പേര്	അടങ്കൽ	ചെലവ്
1	199/18	നാട്ടുകൽ PHC യിലേക്ക് ഫർണിച്ചർ വാങ്ങൽ	100000	98207(ബിൽ നമ്പർ 6/27.7.17)

2	202/18	പഞ്ചായത്ത് ഓഫീസ് ഇൻവർട്ടറിന് ബാറ്ററി വാങ്ങൽ	23484	22440 (ബിൽ നം.8/30.3.18)
3	331/18	പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ ആനുവൽ മെയിന്റനൻസ്	300000	268000 (തനത് ഫണ്ട്) വൗച്ചർ നമ്പർ 21700899-17/2/18
4	355/18	പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ	363273	(a)147641/- (ബിൽ നം.19/29.12.17) (b) 32760/- (ബിൽ നം.20/ 29.12.17) (c) 182872/- (ബിൽ നം.4.1.2018) **ആകെ-363273/-**
5	356/18	LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	490000	489600 (28/26.3.18)
6	357/18	വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ	100000	63553 (ബിൽ നം.25/15.3.18)
ആകെ				**1305073 രൂപ**

മേൽ പറഞ്ഞ പ്രൊജക്ടുകളും ചെലവു രേഖകളും, ക്യാഷ് ബുക്കു്, ബിൽ ബുക്ക് എന്നിവയുൾപ്പെടെയുള്ള രജിസ്റ്ററുകളും ഹാജരാക്കുന്നതിന് വേണ്ടി 14.3.2019 ന് (ജനറൽ റിക്വിസിഷൻ നമ്പർ 1), 19.3.19 എന്നീ തീയ്യതികളിൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ മേൽ പറഞ്ഞ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുന്നതിനു വിധേയമായി ഈ പ്രൊജക്ടുകൾക്കു വേണ്ടി ചെലവഴിച്ച ആകെ തുക 1305073 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - രേഖകൾ ഹാജരാക്കിയില്ല

2017-18 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നിർവഹിച്ച " പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി" എന്ന പ്രൊജക്ട് നിർവഹണത്തിനു വേണ്ടി 282815/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് വിശദാംശങ്ങൾ താഴെ പറയുന്നു.

പ്രൊജക്ട് നമ്പർ	190/18
പ്രൊജക്ടിന്റെ പേര്	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി
പദ്ധതി അടങ്കൽ	480000 രൂപ (SCP)
ചെലവ്	282815 രൂപ (ബിൽ നം. 1/18 തീയ്യതി. 17.7.17)

പദ്ധതി നിർവഹണം സംബന്ധിച്ച വിശദാംശങ്ങൾ	ഫർണിച്ചർ വാങ്ങൽ (സ്റ്റീൽ മേശയും കസേരയും)
ഫർണിച്ചർ സപ്ലൈ ചെയ്ത ഏജൻസി	സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, പാലപ്പുറം, ഒറ്റപ്പാലം.
സപ്ലൈ ചെയ്ത ഫർണിച്ചർ- വിശദാംശങ്ങൾ	(1) സ്റ്റീൽ ഡെസ്ക് (30H,x21Lx18D) 65 എണ്ണം (2) supreme Armless Fibre Chair- 65 എണ്ണം
ഇൻവോയ്സ് നമ്പർ	214/29.6.17
സപ്ലയറുടെ ബാങ്ക് അക്കൗണ്ട് നമ്പർ	SBI 10641432438 – തുക കൈമാറിയ തീയ്യതി- 30.6.17
പർച്ചേസ് കമ്മിറ്റി തീരുമാനം നമ്പർ, തീയ്യതി	ഇല്ല
ഭരണ സമിതി തീരുമാനം നമ്പർ തീയ്യതി	ഇല്ല

ഈ പ്രൊജക്ട് നിർവഹണത്തിന് വേണ്ടി ചെലവഴിച്ച തുക താഴെ പറയുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

(1) പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ – സ.ഉ. (കൈ) 22/18/ ത.സ്വ.ഭ.വ. തീയ്യതി 14.2.18 – ഖണ്ഡിക 7.2 - ഉപഖണ്ഡിക
7.2.17 പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി ഒരുക്കുക എന്നാൽ അവരുടെ വീടിനോട് ചേർന്ന് 100 ച.മീ അധികരിക്കാതെ പഠന മുറി നിർമിക്കുകയെന്നതാണ്.എന്നാൽ ഈ പ്രൊജക്ട് പ്രകാരം പഠന മുറി നിർമിക്കുകയല്ല മറിച്ച് ഫർണിച്ചർ വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. (അംഗീകൃത പ്രൊജക്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല)

(2) സബ്സിഡി മാർഗ്ഗ രേഖ -ഉപഖണ്ഡിക 7.2.7 അനുസരിച്ച്, അംഗീകൃത പ്രൊജക്ടിന്റെ അടിസ്ഥാനത്തിൽ SC വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/ മരം) വിതരണം ചെയ്യാവുന്നതാണ്. എന്നാൽ പരിശോധന ഹാജരാക്കിയ ചെലവു രേഖകൾ പ്രകാരം, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി ഒരുക്കുന്നതിനാണ് പ്രൊജക്ട് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്.

(3) ഉപഖണ്ഡിക 7.2.7 അനുസരിച്ച് മേശയും കസേരയും വിതരണം ചെയ്യുകയാണെങ്കിൽ സ്റ്റീൽ/മരം എന്നിവകൊണ്ട് നിർമിച്ചവ മാത്രമേ വിതരണം ചെയ്യാവൂ. എന്നാൽ വിതരണം ചെയ്ത കസേര ഫൈബറിൽ നിർമിച്ചവയാണ്.

(4) സ്റ്റീൽ ഇൻഡസ്ട്രീസിൽ നിന്നും മേശയും കസേരയുമടങ്ങുന്ന 65 സെറ്റാണ് വാങ്ങിയിരിക്കുന്നത്. വാങ്ങൽ നടപടിക്ക് പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ അനുമതി ലഭിച്ചിട്ടില്ല.

(5) 65 സെറ്റ് ഫർണിച്ചർ വാങ്ങിയിട്ടുണ്ടെങ്കിലും 63 ഗുണഭോക്താക്കൾക്ക് മാത്രമേ ആയത് വിതരണം ചെയ്തിട്ടുള്ളൂ. രണ്ട് സെറ്റ് വിതരണം ചെയ്തതായി കാണുന്നില്ല

(6) സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 7- ൽ ഉപഖണ്ഡിക 7.2.7 പ്രകാരം , ഫർണിച്ചർ വിതരണം ചെയ്യുമ്പോൾ താഴെ പറയുന്ന കാര്യങ്ങൽ പാലിക്കണം.

(a)സ്കൂൾ അധികൃതർ മുഖേന മാത്രമേ ഫർണിച്ചർ വിതരണം ചെയ്യാവൂ.

(b) പട്ടിക ജാതി വകുപ്പിൽ നിന്നോ, മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഈതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന ബന്ധപ്പെട്ടവരുടെ സാക്ഷ്യ പത്രം ഹാജരാക്കണം.

(c) ഒരു വിദ്യാർത്ഥിക്ക്പഠന കാലയളവിൽ ഒരു തവണ മാത്രമേ ഈയാനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്നുറപ്പു വരുത്തണം.

(d) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമായിരിക്കണം ഉപകരണങ്ങൾ വിതരണം ചെയ്യേണ്ടത്. (അംഗീകൃത ഗുണഭോകതൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.)

മേൽ പറഞ്ഞ വസ്തുതകളുമായി ബന്ധപ്പെട്ട രേഖകളോ വിശദീകരണങ്ങളോ സമർപ്പിക്കാനുണ്ടെങ്കിൽ ആയത് 21.3.2019 നകം ഓഡിറ്റ് മുമ്പാകെ സമർപ്പിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 17/19/3/2019) മറുപടി സമർപ്പിച്ചില്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി ഈ ഇനത്തിൽ ചെലവഴിച്ച 282815/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-3 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം-രേഖകൾ ഹാജരാക്കേണ്ടതാണ്

2017-18ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ച ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്ന പ്രൊജക്ട് പ്രകാരം 10 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ താഴെ പറയുന്ന ക്ലബ്ബുകൾ ചട്ടപ്രകാരമമുള്ള രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

വിശദാംശങ്ങൾ താഴെ പറയുന്നു.

പ്രൊജക്ട് നമ്പർ	322/18
പ്രൊജക്ടിന്റെ പേര്	ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം
അടങ്കൽ	200000/- രൂപ
ചെലവ്	40000/- രൂപ (വൗച്ചർ നം. 21701032/26.3.18)
കിറ്റുകൾ സപ്ലൈ ചെയ്ത ഏജൻസി	TBS പബ്ലിഷേഴ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ്, കോഴിക്കോട്.
വാങ്ങിയ കിറ്റുകളുടെ എണ്ണം	10
സപ്ലൈ ചെയ്ത സ്ഥാപനബിൽ നം.	1718/ GLR-231 തീയ്യതി. 17.2.2018
പർച്ചേസ് കമ്മിറ്റി തീരുമാനം നമ്പർ , തീയ്യതി	1, തീയ്യതി. 7.8.17
സപ്ലൈ ഓർഡർ നമ്പർ, തീയ്യതി	AS 30/18 തീയ്യതി. 12.1.2018
സപ്ലൈ ഏജൻസിയുടെ അക്കൗണ്ട് നമ്പർ	2385261000297 CNRB 0002385

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ക്ലബ്ബുകളുടെ വിശദാംശങ്ങൾ

1. ഹെൽത്ത് ലെൻസ് ആർട് & സ്പോർട്സ് ക്ലബ്ബ്-

2.ആലിൻ കുന്ന് ഗുയ്സ് ആർട്സ് &സ്പോർട്സ് ക്ലബ്ബ്
3. റോയൽ ചാലഞ്ചേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്,
4.മൈത്രി ആർട്സ് &സ്പോർട്സ് ക്ലബ്ബ് .

5.റോക്കേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്

മേൽ പറഞ്ഞ ക്ലബ്ബുകൾ വാർഷിക വരവ്-ചെലവു കണക്കുകൾ ജില്ലാ രജിസ്ട്രാർക്ക് സമർപ്പിച്ചതിന്റെ കൈപ്പറ്റു രശീതി മാത്രമാണ് യോഗ്യതാ രേഖയായി സമർപ്പിച്ചിട്ടുള്ളത്. രജിസ്ട്രേഷൻ രേഖകളുടെ പകർപ്പുകൾ ഹാജരാക്കാനാവശ്യപ്പെട്ടു കൊണ്ട് 15.3.2019 ന് നൽകിയ 2-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചില്ല. ആയതിനാൽ മേൽ പറഞ്ഞ

ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3-4 പട്ടികജാതി വിഭാഗത്തിന് വാട്ടർ ടാങ്ക് വിതരണം- അപാകതകൾ - വിശദീകരണം ലഭ്യമാക്കണം

2017-18 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നടപ്പിലാക്കിയ " SC വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം " നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കുകയും അപാകതകളിന്മേൽ വിശദീകരണം നൽകുകയും ചെയ്യേണ്ടതാണ്

പ്രൊജക്ട് വിശദാംശങ്ങൾ

പ്രൊജക്ട് നമ്പർ	327/18
പ്രൊജക്ടിന്റെ പേര്	പട്ടിക ജാതികുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്
നിർവ്വഹണോദ്യോഗസ്ഥൻ	അസി. സെക്രട്ടറി
അടങ്കൽ	250000 (വികസന ഫണ്ട്), 2000 (തനത് ഫണ്ട്), 84000 (മറ്റുള്ളവ) ആകെ 336000
ചെലവ്	93750/-(പ്ലാൻ വിഹിതം) (ബിൽ നം.5/18 തീ.21.3.18) (ബിൽ നം.7/18 തീ.2.3.18) ഗു.വി. 37500- ആകെ തുക-131250 ടാങ്കുകളുടെ എണ്ണം- 50 (ഒരു ടാങ്കിന്റെ വില 2625 രൂപ)
പ്രൊക്യർമെന്റ് കമ്മിറ്റി തീരുമാനം നമ്പർ	തീരുമാനം നമ്പർ 1 തീയ്യതി. 7.8. 2017
ഭരണസമിതി തീരുമാനം നമ്പർ	2/2 തീ.14.12.2017
ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങളും കാട്ട് ചെയ്ത നിരക്കുകളും	(1)ട്യൂബ് ലിങ്ക്സ് - 1864 രൂപ, 2360, 3135 രൂപ (2) അകപാലൈൻ പോളിമേഴ്സ് പൊൽപുള്ളി, പാലക്കാട്- (മറ്റു രേഖകൾ സമർപ്പിച്ചിട്ടില്ല) (3) സാഗർ പോളിക്രാഫ്റ്റ് , അമ്പലപ്പാറ- 2625 രൂപ (4) കൂരിക്കാടൻ ഹോം നീഡ്സ്, 2600 (സ്റ്റാർ)

	(5) ടോംസ്, പൈപ്പ്സ്, പ്രൈ.ലി.- 2550, 3750 (6) ക്യാരിസ് പൈപ്പ്സ് & ട്യൂബ്, കൊച്ചിൻ- 3145 രൂപ, 2645, 3425 രൂപ (7) സെൽസർ പോളിമേഴ്സ്- 3140,1620, 2395 രൂപ
ടാങ്ക് സപ്ലൈ ചെയ്ത സ്ഥാപനവും സ്വീകരിച്ച നിരക്കും	സാഗർ പോളിക്രാഫ്റ്റ് , അമ്പലപ്പാറ- 2625 രൂപ
ഇൻവോയ്സ് നമ്പർ , തീയ്യതി	3925 തീ. 24.3.2018
സപ്ലൈ ഓർഡർ നമ്പർ , തീയ്യതി	ഇല്ല
സപ്ലയറുടെ അക്കൗണ്ട് നമ്പർ	PUNB0430200-4302003700053600

അപാകതകൾ

(1) ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ പ്രകാരം സമർപ്പിക്കപ്പെട്ട 7 ടെൻഡറുകളിൽ , ഏറ്റവും കുറഞ്ഞ നിരക്ക് (2600 രൂപ) കാട്ട് ചെയ്തത് , കൂരിക്കാടൻ ഹോം നീഡ്സ് , ചെത്തല്ലൂർ എന്ന സ്ഥാപനമാണ്. മാത്രമല്ല, സപ്ലൈ ചെയ്ത ടാങ്കുകൾക്ക് 10 വർഷത്തെ വാറന്റിയും ഈ സ്ഥാപനം ടെൻഡറിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. വെള്ളം സംഭരിക്കുന്ന ഉപകരണമായതിനാൽ ദീർഘകാല വാറന്റി ഉറപ്പു വരുത്തുന്നത് നിർണ്ണായകമാണെന്നിരിക്കെ, വാറന്റിയില്ലാത്ത താരതമ്യേന അധിക നിരക്ക് കാട്ട് ചെയ്ത സാഗർ പോളിക്രാഫ്റ്റ് , അമ്പലപ്പാറ- എന്ന സ്ഥാപനത്തിന്റെ 2625/- രൂപ നിരക്ക് സ്വീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

2. ടാങ്ക് കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ തങ്ങളുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഗുണഭോക്താവിന്റെ പേര്	ഹാജരാക്കാത്ത രേഖകൾ
രവി, ചെറുമ്പാടത്ത് പടി, ചെത്തല്ലൂർ	(1) വരുമാന സർട്ടിഫിക്കറ്റ് (2) ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം
സുന്ദരൻ കെ. S/O പാലൻ, കോങ്കോട്ടിൽ, കുണ്ടൂർകുന്ന്	വരുമാനം സംബന്ധിച്ച സാക്ഷ്യപത്രം
രാജൻ. സി.S/O രവി, ചോളോട്, തച്ചനാട്ടുകര	(1) വരുമാന സർട്ടിഫിക്കറ്റ് (2) ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം
രാമൻ കെ.സി., S/O വെള്ളത്തിര, കണ്ടമംഗലം, പുതുമനക്കുളമ്പ്, പാലോട്	(1) വരുമാന സർട്ടിഫിക്കറ്റ് (2) ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം
കുഞ്ഞക്കി, കുഞ്ഞാടിച്ചി മേലങ്ങാടി , തച്ചനാട്ടുകര	(1) വരുമാന സർട്ടിഫിക്കറ്റ്

ജാനകി, കുന്നത്ത് പാലോട്, തച്ചനാട്ടുകര	(1) വരുമാന സർട്ടിഫിക്കറ്റ്
അമ്മിണി, ചാമി, ചോലയിൽ, തച്ചനാട്ടുകര	(1) ജാതി സർട്ടിഫിക്കറ്റ്

3. പട്ടികജാതി വകുപ്പിൽനിന്നോ മറ്റേതെങ്കിലും ഏജൻസികളിൽ നിന്നോ മുമ്പ് ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ രേഖകളും വിശദീകരണങ്ങളും, പരിശോധനയ് ഹാജരാക്കുവാനാവശ്യപ്പെട്ട് 15.3.2019 ന് നൽകിയ 3- ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചില്ല. ആയതിനാൽ വ്യക്തതമായ വിശദീകരണം സമർപ്പിക്കുന്നതിനും, മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിനും വിധേയമായി ഈയിനത്തിൽ ചെലവഴിച്ച പ്ലാൻ വിഹിതമായ 93750/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-5 ബിറ്റുമിനു വേണ്ടി പെട്രോളിയം കമ്പനികൾക്കു നൽകിയ തുകകളിൽ ബാക്കി ഈടാക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ ടാറിങ്ങ് പ്രവൃത്തികൾക്ക് ബിറ്റുമിൻ ലഭ്യമാക്കുന്നതിന് വേണ്ടി ഹിന്ദുസ്ഥാൻ കൊലാസ് പ്രൈവറ്റ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ മുൻകൂർ തുകകളിൽ വിതരണം ചെയതതിന്റെ വില കഴിച്ചുള്ള 42746/-രൂപ (31595 + 11151) തിരികെ ഈടാക്കേണ്ടതാണ്.

ഓരോ പ്രവൃത്തികൾക്കും ആവശ്യമായ ബിറ്റുമിന്റെ അളവ് കണക്കാക്കി ആവശ്യമായ തുക ആ പ്രോജക്ടിനായി വകയിരുത്തിയ ഫണ്ടിൽ നിന്നും പിൻവലിക്കുകയും ഈ തുക സെക്രട്ടറിയെ ഏൽപ്പിക്കുകയുമാണുണ്ടായത്. സെക്രട്ടറി പെട്രോളിയം കമ്പനികൾക്ക് തുക കൈമാറിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ആവശ്യപ്പെട്ട ബിറ്റുമിന്റെ അളവ്	കമ്പനിയുടെ പേര്	ചെക്ക് നം.	തുക
1	RS1-32 ബാരൽ SS1-37 ബാരൽ	HINCOL	1781922/ 18-4-17	680788
2	VG-30(S65) 298 ബാരൽ	HPCL	1781923/ 18-4-17	1645225

കമ്പനികളിൽ നിന്നും ബിറ്റുമിൻ ലഭ്യമായതിന്റെ വിവരം:

1. HINCOL			
ക്രമ നം.	ഇൻവോയ്സ് നം.	ലഭിച്ച ബിറ്റുമിന്റെ അളവ്	തുക
1	5197/08.05.17	37 ബാരൽ SS1	438900
2	5055/16.05.17	32 ബാരൽ RS1	230737
ആകെ		ആകെ	669637

തിരികെ ലഭിക്കാനുള്ളത് രൂ:11151/-

(680788-669637).

2. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്			
ക്രമ നം.	ഇൻവോയ്സ് നം.	ലഭിച്ച ബിറ്റുമിന്റെ അളവ്	തുക
1	17001423/8.5.17	95 ബാരൽ VG-30	518413
2	17001422/8.5.17	95 ബാരൽ VG-30	518413

3	17001874/16.5.17	85 ബാരൽ VG-30	453966
4	17002489/31.5.17	23 ബാരൽ VG-30	122838
ആകെ		298 ബാരൽ VG-30	1613630

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും തിരികെ ലഭിക്കാനുള്ളത് രൂ:31595/-

(1645225-1613630)

മേൽ പറഞ്ഞ പ്രകാരമുള്ള തുക 42746/-രൂപ HINCOL, HPCLഎന്നിവയിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.28/25-3-19 ന് മറുപടിയൊന്നും ലഭിച്ചില്ല.)

3-6 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തി എഗ്രിമെന്റിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുകയോ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ പൂർത്തീകരണം വൈകുന്നതു സംബന്ധിച്ചു കരാറുകാരോട് വിശദീകരണം ആവശ്യപ്പെടുകയോ പൂർത്തീകരണസമയം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല . എന്നാൽ മതിയായ സമയം ലഭ്യമായിരുന്നിട്ടും വ്യക്തമായ കാരണങ്ങളില്ലാതെ നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. അനുമതി ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. ആയതിനാൽ പ്രസ്തുത കരാറുകാരനിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ clause 7 പ്രകാരം ഗ്രേസ്സ്പിരീഡ് കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ 1%, അടുത്തഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഉദാ:-

1)ചെത്തല്ലൂർ ബാങ്ക്-വെള്ളാക്കുന്ന് റോഡ്

പ്രൊജക്റ്റ്- 227/18

പിഎസി- 199440/-

കരാറുകാരൻ- ശ്രീ. പി.ടി.സിയാവുൾ റഹ്മാൻ

എഗ്രിമെന്റ്നം-89/09.02.17

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് -31.3.17

പൂർത്തീകരിച്ച തീയതി- 21-02-18

അളവു പുസ്തകം- 13/17-18

ബിൽ നം- 162/22-03-18 തുക-103791/-

പിഴ ഈടാക്കേണ്ടത്- 1.4.17- 10.04-17(10 ദിവസം ഗ്രേസ്സ് പിരീഡ്)

11.4.17- 10.7.17 @ 1% - 1995/-

11.7.17- 10.10.17 @ 2%- 3989/-

11.10.17-10.01.18@ 2%- 3989/-

11.01.17-20-2-18-199440x2%x41/90

=1817

ഈടാക്കിയത്- 1000/-

ബാക്കി ഈടാക്കേണ്ടത്-1995+3989+3989+1817=11790

11790 -1000=10790/-

2)ചെത്തല്ലൂർ മില്ലുംപടി റോഡ്

പ്രൊജക്റ്റ്- 221/18

പിഎസി- 150000/-

കരാറുകാരൻ- എം.മുഹമ്മദ്

എഗ്രിമെന്റ് നം-78/04.02.17

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് -31.3.17

പൂർത്തീകരിച്ച തീയതി- 05-03-18

അളവു പുസ്തകം- 212/17-18

ബിൽ നം- 165/28-03-18 തുക-150000/-

പിഴ ഈടാക്കേണ്ടത്- 1.4.17- 11.04-17 (11 ദിവസം ഗ്രേസ്സ് പിരീഡ്)

12.4.17- 11.7.17 @ 1% - 1500/-

12.7.17- 11.10.17 @ 2%- 3000/-

12.10.17-11.01.18@ 2%- 3000/-

12.1.18-4.3.18@ -150000x2%x51/90=1700

ഈടാക്കിയത്- 1000/-

ഈടാക്കേണ്ടത് - 1995+3989+3989+1700=11673

ബാക്കി-11673-1000=10673

ആകെ ഈടാക്കേണ്ട തുക-21463 (10790 + 10673)

ഇക്കാര്യം കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.27/25-2-19 ന് നൽകിയ മറുപടിയിൽ ബിറ്റുമെൻ ലഭ്യമാകുന്നതിൽ വന്ന കാലതാമസമാണ് പ്രവൃത്തികൾ വൈകിയതിന് കാരണമെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് ഭരണസമിതി തീരുമാനങ്ങൾ ഒന്നും കൈക്കൊള്ളാത്ത സാഹചര്യത്തിൽ ഉത്തരവാദിയായ കരാറുകാരിൽനിന്ന് തുക ഈടാക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3-7 പരമ്പരാഗത സ്വയം തൊഴിൽ യൂണിറ്റിന് ധന സഹായം- രേഖകൾ ഹാജരാക്കണം

പരമ്പരാഗത തൊഴിലിന് ധന സഹായം - രേഖകൾ ഹാജരാക്കിയില്ല. 2017-18 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നിർവഹണം നടത്തിയ " പരമ്പരാഗത തൊഴിൽ വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിനുള്ള ധനസഹായം"എന്ന പ്രൊജക്ടിനു വേണ്ടി വികസന ഫണ്ടിൽ നിന്നും 300000/- രൂപ പിൻവലിച്ചിട്ടുണ്ട്.

വിശദാംശങ്ങൽ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ	317/18
പ്രൊജകടിന്റെ പേര്	പരമ്പരാഗത തൊഴിൽ വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിനുള്ള ധനസഹായം"
പ്രൊജക്ട് അടങ്കൽ	450000 (SCP)

ചെലവ്	300000 (ബിൽ നമ്പർ 8/17-18 തീയ്യതി. 28.3.18)

മേൽ പറഞ്ഞ ബിൽ നമ്പർ പ്രകാരം പിൻവലിച്ച 300000- രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

എസ്.സി. വിഭാഗത്തിൽ പെട്ട 31 പേർ 19.2.18 ന് വാർഡ് മെമ്പറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനുട്ടിന്റെ പകർപ്പും യോഗത്തിൽ ഹാജരായ ഏതാനും ഗുണഭോക്താക്കളുടെ ആധാർ കാർഡ് പകർപ്പുകളും യൂണിറ്റിന്റെ പേരിൽ (യൂണിറ്റ് എന്താണെന്നു പോലും വ്യക്തമല്ല) വിജയാ ബാങ്കിന്റെ കരിങ്കല്ലത്താണി ശാഖയിൽ ഒരു അക്കൗണ്ട് ആരംഭിച്ചതിന്റെ പാസ്സ്ബുക്ക് ആദ്യപേജ് പകർപ്പും മാത്രമാണ് ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട് പരിശോധനയക്ക് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 300000 രൂപയുടെ ചെലവിന്നാധാരമായ മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് 19.3.19 ന് നൽകിയ 18- നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ തുക ആർക്ക് നൽകി എന്നതുമായി ബന്ധപ്പെട്ടവയുൾപ്പെടെ, മേൽ പറഞ്ഞ മുഴുവൻ രേഖകളും ഹാജരാക്കുന്നതിനു വിധേയമായി ഈയിനത്തിൽ പിൻവലിച്ച 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-8 മെയിന്റനൻസ് ഗ്രാന്റ്(റോഡ്) ചട്ടവിരുദ്ധമായി റോഡ് നിർമ്മാണപ്രവൃത്തികൾക്ക് ഉപയോഗിച്ചിരിക്കുന്നു.

സർക്കുലർ നം.68228/എഫ്.എം.1/2012/തസ്വഭവ 28-11-2012 പ്രകാരം തൻവർഷം റോഡുകളുടെ അറ്റകുറ്റ പ്പണികൾ നടത്തിയതിന് ശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംങ്, ടാറിംങ്, കോൺക്രീറ്റിംങ് പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ റോഡുകളിൽ അറ്റകുറ്റപ്പണികൾ ഒന്നും ആവശ്യമില്ലെന്ന് അസി.എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി ഏകകണ്ഠമായി തീരുമാനം എടുക്കേണ്ടതാണ്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ ഒന്നുമില്ലാതെ നിരവധി ടാറിംങ്, കോൺക്രീറ്റിംങ് പ്രവൃത്തികൾ തൻവർഷം റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിച്ചിട്ടുണ്ട്.

ഉദാ:-1.കോഴിത്തൊടി റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം.18/18)

അടങ്കൽ-200000/-

2. ചോനമ്പ്ര പള്ളി റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം.19/18)

അടങ്കൽ-49100/

3.മാണിക്കപ്പറമ്പ് - അക്കരപ്പറമ്പ് റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം.19/18)

അടങ്കൽ-200000/-

മാത്രമല്ല അംഗീകാരം ലഭിച്ച നിരവധി റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ അടുത്തവർഷത്തേക്ക് സ്പിൽ ഓവറായി മാറ്റുകയും ചെയ്തിട്ടുണ്ട്. അതായത് തൻവർഷം റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾ നിർവ്വഹിക്കാൻ അവശേഷിച്ചിരിക്കെ പ്രസ്തുത ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത് ക്രമ വിരുദ്ധമാണ് .ആയതിന് വിശദീകരണം നൽകേണ്ടതാണ്.

3-9 സ്പിൽ ഓവർ പ്രവൃത്തികൾ നിർദ്ദിഷ്ട കാലയളവിൽ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ജി.ഒ.(എം.എസ്)നം.72/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 29-03-2017 ഖണ്ഡിക 6.8(2) പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവർ ആയ അതേ വർഷം തന്നെ പൂർത്തിയാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18ൽ സ്പിൽ ഓവർ ആയ 102 പ്രവൃത്തികളിൽ താഴെ പറയുന്ന 26 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

ക്രമനം	പ്രൊജക്ടിന്റെ നമ്പരും പേരും	അടങ്കൽ തുക	ഫണ്ട് വിവരം
1	കലാലയം-പള്ളിപ്പുറം കോളനി റോഡ് (223/18)	96223	പ്ലാൻ(SCP)

2	മാണിക്യപ്പറമ്പ് അംഗൻവാടി കുടിവെള്ളപദ്ധതി (232/18)	100000	മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)
3	ചെത്തല്ലൂർ-മൃഗാശുപത്രി കെട്ടിടം പുനരുദ്ധാരണം (241/18)	50000	പ്ലാൻ(ജനറൽ)
4	വൈദ്യുതി ഇല്ലാത്ത അംഗൻവാടികളിൽ വൈദ്യുതി എത്തിക്കൽ (244/18)	100000	മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)
5	നാട്ടുകൽ-പൂന്തുരുത്തി കുടിവെള്ള പദ്ധതി (249/18)	150000	ധനകാര്യകമ്മീഷൻ ഗ്രാന്റ്
6	തൊമരാംകുന്ന് കുടിവെള്ള പദ്ധതി (253/18)	100000	ധനകാര്യകമ്മീഷൻ ഗ്രാന്റ്
7	തൊടുകാപ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം (254/18)	100000	ധനകാര്യകമ്മീഷൻ ഗ്രാന്റ്
8	ജാറം കുടിവെള്ള പദ്ധതി പൂർത്തീകരണം (255/18)	100000	ധനകാര്യകമ്മീഷൻ ഗ്രാന്റ്
9	കൊരങ്ങയിൽ കോളനി കുടിവെള്ള പദ്ധതി (257/18)	300000	പ്ലാൻ(SCP)
10	കുന്നുംപുറം കോളനി കുടിവെള്ള പദ്ധതി (262/18)	200000	പ്ലാൻ(SCP)
11	ചേരിയിൽപടി കോളനി റോഡ് (269/18)	336308	പ്ലാൻ(SCP)
12	മായ-മൂടായിക്കുണ്ട് റോഡ് (270/18)	100000	തനത് ഫണ്ട്
13	നാട്ടുകൽ-പൂന്തുരുത്തി ബൈലൈൻ റോഡ് കോൺക്രീറ്റിംങ് (275/18)	100000	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)
14	ചോലമ്പ്ര റോഡ് ഫസ്റ്റ് ലെയർ മെറ്റലിംങ് (276/18)	150000	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)
15	മായകുളത്തും പടി റോഡ് റിടാറിംങ് (277/18)	136414	തനത് ഫണ്ട്
16	തള്ളച്ചിറ അംഗൻവാടി കുടിവെള്ള പദ്ധതി (280/18)	200000	മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)
17	പാലോട് വെസ്റ്റ് അംഗൻവാടി പൊതുകിണർ നിർമ്മാണം (281/18)	100000	മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)
18	അടിയത്ത് കുഴി ചെറുമ്പാടം തോടിന്	325000	മെയിന്റനൻസ് ഗ്രാന്റ്

	നടപ്പാലം നിർമ്മാണം (282/18)		(റോഡ്)
19	ഗ്രാമപഞ്ചായത്ത് ഓഫീസിൽ കമ്യൂണിറ്റി ലാട്രിൻ നിർമ്മാണം (283/18)	250000	മറ്റുള്ളവ
20	ജാറം പോത്തേങ്ങൽ കുടിവെള്ള പദ്ധതി (285/18)	125000	പ്ലാൻ(ജനറൽ)
21	കൊടലിപ്പറമ്പ്- കൊടലിപ്പള്ളിയേൽ കുടിവെള്ള പദ്ധതി (286/18)	200000	പ്ലാൻ(SCP)
22	വടക്കേപുരക്കൽ കോളനിറോഡ് അഭിവൃദ്ധിപ്പെടുത്തൽ (287/18)	50000	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)
23	കൂരിമുക്ക് അംഗൻവാടികുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ (288/18)	50000	38429/- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) 11571/-തനത് ഫണ്ട്
24	ചെത്തല്ലൂർ ബാങ്ക്- വെള്ളക്കുന്ന് റോഡ് റീടാറിംങ് പൂർത്തീകരണം (297/18)	100000	പ്ലാൻ(ജനറൽ)
25	കരിങ്കറ കുടിവെള്ള പദ്ധതി (300/18)	100000	ധനകാര്യകമ്മീഷൻ ഗ്രാന്റ്
26	നാട്ടുകൽ പോലീസ് സ്റ്റേഷനിൽ കമ്യൂണിറ്റി ലാട്രിൻ നിർമ്മാണം (301/18)	200000	കേന്ദ്രാവിഷ്കൃത ഫണ്ട്

അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 6ൽ അനുബന്ധമായി ചേർക്കുന്ന പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമായിരിക്കുമെന്ന് പറയുന്നുണ്ടെങ്കിലും ഇങ്ങനെയൊരു പ്രവർത്തന കലണ്ടർ തയ്യാറാക്കി കരാറിന്റെ അനുബന്ധമായി ചേർക്കുന്നില്ല. പ്രവർത്തന കലണ്ടർ തയ്യാറാക്കി കരാറിന്റെ ഭാഗമാക്കേണ്ടതാണ്. കരാർ പ്രകാരമുള്ള സമയത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനും, സ്റ്റാന്റിങ്ങ് കമ്മറ്റിയും, മോണിറ്ററിങ്ങ് കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്ട് നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകളും മാർഗ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

3-10 വൈദ്യുതി ലൈൻ മാറ്റൽ- കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക- രേഖകൾ ഹാജരാക്കിയില്ല-

2017- 18 സാമ്പത്തിക വർഷത്തിൽ "വൈദ്യുതി ലൈൻ മാറ്റൽ" എന്ന പ്രൊജക്ടിനു വേണ്ടി SCP ഫണ്ടിൽ നിന്നും 63553/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗവുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്റ്റ് നം.	357/18
പേര്	വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ (SC)

അടങ്കൽ	100000
ചെലവ്	63553/- (ബിൽ നം.29/17-18 തീ.15.3.18)
സ്രോതസ്സ്	SCP ഫണ്ട്
നിർവ്വഹണം	സെക്രട്ടറി

താഴെ പറയുന്ന രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രൊജക്ട്

2. വൈദ്യുതി ലൈൻ മാറ്റൽ സംബന്ധിച്ച് KSEB തയ്യാറാക്കിയ സമർപ്പിച്ച പ്രൊജക്ട്

3. ഡെപ്പോസിറ്റ് തുക സംബന്ധിച്ച KSEB യുടെ ഡിമാന്റ് നോട്ടീസ്

4. KSEB ക്ക് തുക കൈമാറിയ രേഖകൾ

5. KSEB യിൽ നിന്നും ലഭിച്ച ധന വിനിയോഗ സാക്ഷ്യപത്രം.

മേൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ വേണ്ടി 22.3.2019 ൻ നൽകിയ 25-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ ഈയിനത്തിലെ മുഴുവൻ ചെലവു രേഖകളും ഹാജരക്കുന്നതിനു വിധേയമായി ചെലവു തുക 63553/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-11 വെള്ളക്കരം- ഗ്രാമ പഞ്ചായത്തിന് കനത്ത ബാധ്യത ഉണ്ടാക്കുന്നു.

കുടി വെള്ള വിതരണ സംവിധാനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഗാർഹിക/ഗാർഹികേതര കണക്ഷനുകളുടെ എണ്ണം സംബന്ധിച്ച കണക്കുകളോ രജിസ്റ്ററുകളോ പഞ്ചായത്തിൽ ലഭ്യമല്ല. എന്നാൽ പ്രതിമാസം 1.1 ലക്ഷം രൂപ ഈയിനത്തിൽ കേരള ജല അതോറിറ്റിക്ക് അവരുടെ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. നിലവിലുള്ള ടാപ്പുകളിൽ ജലം ലഭ്യമാക്കുന്നവയുടേയും, പ്രവർത്തന രഹിതമായവയുടേയും എണ്ണത്തിന്റെ സ്ഥിതി വിവര കണക്കുകൾ ജല അതോറിറ്റിയുടെ സഹായത്തോടെ സംയുക്ത പരിശോധനയിലൂടെ പഞ്ചായത്ത് തിട്ടപ്പെടുത്തിയിട്ടില്ല. ഇതിലേക്കായി ജല അതോറിറ്റിയുടെ പ്രാദേശിക ഓഫീസിലെ എക്സിക്യൂട്ടീവ് എൻജിനീയറോട് പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതു വരെ ജല അതോറിറ്റി ഇതിലേക്കായി നടപടികൾ സ്വീകരിച്ചിട്ടില്ല. സർക്കാർ ഉത്തരവ് ജി.ഒ./(ആർ.ടി)/2242/2011/ത.സ്വ.ഭ.വ. 28.9.11 പ്രകാരം ജല അതോറിറ്റിക്ക് സംയുക്ത പരിശോധന നടത്തുവാനായി രേഖാമൂലം ആവശ്യപ്പെട്ടതിന് ശേഷം ഒരാഴ്ച്ചയ്ക്കകം സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് പഞ്ചായത്തിനും പഞ്ചായത്ത് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണെന്ന് നിഷ്ക്കർഷിക്കുന്നു. ഇത് സംബന്ധിച്ച് തർക്ക പരിഹാരത്തിനായി പഞ്ചായത്ത് ഡയറക്ടർ കൺവീനറായി കമ്മിറ്റി രൂപവൽക്കരിച്ചിട്ടുമുണ്ട്. പൊതു ടാപ്പുകളുടെ എണ്ണം മേൽപറഞ്ഞ രീതിയിൽ ആധികാരികമായി തിട്ടപ്പെടുത്തിയതിന് ശേഷം പ്രവർത്തനക്ഷമമായവയ്ക്ക് മാത്രമെ വെള്ളക്കരം അടവാക്കപ്പെടുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തുവാനായി മീറ്റർ ഘടിപ്പിക്കുന്നതിനും, ഭീമമായ ബാധ്യത കുറയ്ക്കുന്നതിന്റെ ഭാഗമായി പൊതു ടാപ്പുകളുടെ എണ്ണം കുറക്കുന്നതിനും ഗാർഹിക കണക്ഷൻ നൽകുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാൻ 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിലും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. എന്നാൽ നാളിതുവരെ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഓരോ മാസവും ഭീമമായ തുക വാട്ടർ അതോറിറ്റിക്ക് നൽകുന്നത് തനത് ഫണ്ട് തുലോം പരിമിതമായ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം താങ്ങാനാവാത്ത ബാധ്യതയാണ്. വെള്ളത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ തുക നൽകിക്കൊണ്ടിരിക്കുന്ന നടപടിയിന്മേൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് 25.3.2019 നകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ 24-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന്(തീയ്യതി.19.3.19) മറുപടി സമർപ്പിച്ചില്ല.
ആയതിനാൽ പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിനും പരമാവധി ഗാർഹിക കണക്ഷനുകൾ പ്രോത്സാഹിപ്പിക്കുന്നതിനും, വെള്ളക്കരമിനത്തിലുള്ള കനത്ത ബാധ്യതയിൽ നിന്നും ഗ്രാമ പഞ്ചായത്തിനെ ഒഴിവാക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-12 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം- പദ്ധതിക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ പാലിച്ചതിനുള്ള രേഖകൾ ഹാജരാക്കിയില്ല

പ്രോജക്റ്റ് നം.	310/18
പേര്	ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം (ജില്ലാ പഞ്ചായത്ത് വിഹിതം)
അടങ്കൽ	3,00,000/-
ചെലവ്	3,00,000/-
ബിൽ നം./തീയതി	10/17-18/12.2.18 -Rs 3,00,000
നിർവ്വഹണോദ്യോഗസ്ഥ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ

മേൽ പറയുന്ന പദ്ധതി വിഹിതം ജില്ലാ പഞ്ചായത്തിലേക്ക് (അക്കൗണ്ട് നമ്പർ-799011400002200) ന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുക ചെലവാക്കിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. കൂടാതെ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ഡ്രൈവിങ്ങ് ലൈസൻസിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയില്ല. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്

3-13 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം

1) താഴെ പറയുന്ന പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും നടപ്പാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ	പ്രൊജക്ട്	അടങ്കൽ
187	ഗാർഹിക ബയോഗ്യാസ് പ്ലാന്റ് ഖരദ്രവ മാലിന്യ സംസ്ക്കരണം 2016-17	1050000 (പദ്ധതി വിഹിതം-262500, കേന്ദ്ര വിഹിതം-525000, ഗു,വി-262500)
188	ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം 2016-17	180000(പദ്ധതി വിഹിതം-27000, കേന്ദ്ര വിഹിതം-135000, ഗു,വി-18000)
335	റിംഗ് കമ്പോസ്റ്റ് നിർമ്മാണം	600000(പദ്ധതി വിഹിതം-300000, ഗു,വി-300000)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/22.3.19) ഗുണഭോക്തൃവിഹിതം അടക്കാൻ തയ്യാറാകാത്തതു കൊണ്ടാണ് പ്രൊജക്ടുകൾ നടപ്പാക്കാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹിക്കുവാൻ കഴിയാത്തതിനാൽ അനുവദിച്ച പദ്ധതിഫണ്ട് നഷ്ടമാകുന്നതിനിടയാക്കപ്പെട്ടു. പദ്ധതി രൂപീകരണ വേളയിൽ തന്നെ പ്രൊജക്റ്റിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതോടൊപ്പം ആവശ്യകതയും ഫീസിബിലിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുടെ നിർവ്വഹണം സ്റ്റാൻിംഗ് കമ്മിറ്റികൾ വിലയിരുത്തി ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ച് നടപ്പിലാക്കുവാൻ സാധ്യമാവാത്തപക്ഷം മറ്റു പദ്ധതികൾക്കായി പ്രസ്തുത ഫണ്ട് വകയിരുത്താവുന്നതാണ്. ഭാവിയിൽ ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്റ്റുകളെ ഒഴിവാക്കി വിഭവ പരിധിക്കുള്ളിൽ നിന്നുകൊണ്ട്

മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്റ്റുകൾ തെരെഞ്ഞെടുത്ത് പദ്ധതിക്ക് അന്തിമ രൂപം നൽകേണ്ടതാണ്.

2. **ഭവനപുനരുദ്ധാരണത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചത് സബ്സിഡി മാർഗ്ഗലംഘനം**

2017-18 ൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്ട് നമ്പർ	പ്രൊജക്ട്	അടങ്കൽ	ചെലവ്
349	PMAY ഗ്രാമപഞ്ചായത്ത് വിഹിതം	107500	67500

ജി.ഒ (എം.എസ്) നം.72/2017 ത.സ്വ.ഭ.വ തീയ്യതി 29.03.2017 പ്രകാരം മേൽപറഞ്ഞ പ്രവൃത്തിക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാൻ അനുമതിയില്ല.പ്രസ്തുത മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിന് സബ്സിഡി നൽകാൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. മുൻകൂർ അനുമതി ലഭിച്ച ശേഷമേ പ്രൊജക്ട് നടപ്പാക്കാവൂ എന്നും സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതുമാണ് എന്നും സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ അനുമതി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) വീട് റിപ്പയർ -ജനറൽ- വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പ്രൊജക്ട് നമ്പർ-185

അടങ്കൽ-7,90,000

ചെലവ് -6,20,000

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ബിൽ നമ്പർ 1/17-18 dt 30.6.17 പ്രകാരം 2,40,000/- രൂപ ചെലവഴിച്ചതിൽ താഴെ പറയുന്ന 4 ഗുണഭോക്താക്കളുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയില്ല.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്
1	രാധ, ആറ്റാശ്ശേരി
2	ഐഷ, പാറക്കൽ
3	അപ്പുണ്ണി, ചോലയിൽതൊടി
4	അബൂബക്കർ, വിലങ്ങുംപുറത്ത്

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (23/22.3.19) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 40000/- രൂപ തടസ്സപ്പെടുത്തുന്നു.

3-14 കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം

കാർഷിക മേഖലയിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയതിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

a.1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് 3ാം പട്ടിക പ്രകാരം കാർഷിക മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ പ്രഥമ ചുമതല തരിശുഭൂമികളും പ്രാന്തപ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുകയും ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുകയുമാണ്. അതുപ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സർക്കാർ കാലാകാലങ്ങളിൽ ഏൽപിച്ചു കൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്ത് പദ്ധതികൾ

ആവിഷ്ക്കരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് പ്രൊജക്ടുകൾ ഒന്നും 2017-18 ൽ നടപ്പാക്കിയിട്ടില്ല..

b.കാർഷിക മേഖലയിൽ ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്ക്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരം പ്രൊജക്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല.

c.ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികോൽപന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രൊജക്ടുകൾ ആവിഷ്ക്കരിക്കേണ്ടത്. എന്നാൽ പതിവു ശൈലിയിലുള്ള വളം നൽകൽ, വിത്തു നൽകൽ പ്രൊജക്ടുകൾ മാത്രമാണ് തൻവർഷവും നടപ്പിലാക്കിയിട്ടുള്ളത്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇടയ്ക്കിടെ യോഗം ചേർന്ന് പദ്ധതി നിർവ്വഹണം വിലയിരുത്തുന്നുണ്ടെങ്കിലും പദ്ധതികളുടെ ലക്ഷ്യപ്രാപ്തി പലപ്പോഴും കൃത്യമായി മോണിറ്ററിംഗ് ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളാവട്ടെ മോണിറ്ററിംഗ് നടത്തുന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നില്ല. ഇങ്ങനെ പദ്ധതി നിർവ്വഹണം പലപ്പോഴും ലക്ഷ്യത്തിൽനിന്നും അകന്നു പോകുന്ന അവസ്ഥയാണുള്ളത്.

3-15 മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം

1) കറവപശു വിതരണം എസ്.സി- സബ്സിഡി കൈമാറിയത് വിറ്റ ആളുടെ പേർക്കല്ല

പ്രൊജക്റ്റ് നമ്പരും പേരും	നിർവ്വഹണ ഉദ്യോഗസ്ഥൻ	അടങ്കൽ (₹)	ചെലവ് (₹)
314/18, കറവപശു വാങ്ങുന്നതിന് ധനസഹായം ജനറൽ	വെറ്ററിനറി സർജ്ജൻ	1200000/- {600000പ്ലാൻ ഫണ്ട്, 600000ഗുണഭോക്തൃ വിഹിതം }	570000 (285000-പ്ലാൻ ഫണ്ട്) ബിൽ നമ്പർ-1/17-18 dt 10.1.18 Rs 150000 3/17-18 dt 28.3.18 Rs 1,35,000

മേൽ പ്രൊജക്റ്റ് പ്രകാരം 40ഗുണഭോക്താക്കൾക്ക് കറവപശുക്കളെ വാങ്ങിക്കുന്നതിന് സബ്സിഡി നൽകുന്നതിന് ഉദ്ദേശിച്ച പദ്ധതിയിൽ 19 ഗുണഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി വിതരണം ചെയ്യാൻ കഴിഞ്ഞത്. പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല.താഴെ പറയുന്ന ഗുണഭോക്താവിന് തുക കൈമാറിയത് (ട്രാൻസഫർ ക്രെഡിറ്റ്) കുടുംബത്തിലുള്ള വ്യക്തി തന്നെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേരും വിലാസവും	ആട് വിറ്റ ആളുടെ പേര്	വിറ്റ ആൾക്ക് ഗുണഭോക്താവുമായുള്ള ബന്ധം	അനുവദിച്ച സബ്സിഡി (₹)	ബാങ്ക് അക്കൗണ്ട് നം.	റേഷൻ കാർഡ് നം.
മുഹമ്മദ്.സി ചെരിപ്പുറത്ത് കൂത്തുപറമ്പ് പാലോട്	മുഹമ്മദലി.സി ചെരിപ്പുറത്ത് കൂത്തുപറമ്പ് പാലോട്	മകൻ	15000	16600100157840	1949000749

തച്ചനാട്ടുക്കര	തച്ചനാട്ടുക്കര				

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/19.3.19) സബ്സിഡി മകന് കൈമാറ്റം ചെയ്തത് ക്ലറിക്കൽ അബദ്ധം മൂലമാണെന്നും തെറ്റായി നൽകിയ സബ്സിഡി തിരിച്ച് യഥാർത്ഥ ഗുണഭോക്താവിന് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിക്കാതെ സബ്സിഡി നൽകിയത് ബന്ധപെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

2)<u>അംഗീകാരം ലഭിച്ചിട്ടും പ്രൊജക്ടുകൾ നടപ്പാക്കിയിട്ടില്ല.</u>

താഴെ പറയുന്ന പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും നടപ്പിലാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ	പ്രൊജക്ട്	അടങ്കൽ
304	ആട് വളർത്തൽ ധനസഹായം-വനിത	405000 (പദ്ധതി വിഹിതം -195982 തനത് ഫണ്ട് -6518 ഗു.വി.-202500)
305	ആട് വളർത്തൽ ധനസഹായം-വനിത-എസ്.സി.പി	435000(പദ്ധതി വിഹിതം (ജനറൽ-61518), പദ്ധതി വിഹിതം (എസ്.സി.പി-264732), ഗു.വി-108750)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/19.3.19) ഗുണഭോക്താക്കൾ ഇല്ലാത്തതിനാലാണ് പ്രൊജക്ടുകൾ നടപ്പാക്കാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ആവശ്യകത വിലയിരുത്തിയശേഷം വിവിധ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-16 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഐ.സി.ഡി.എസ് കേന്ദ്ര വിഹിതമിനത്തിൽ 663437/-രൂപ വിനിയോഗിക്കപ്പെടാതെ അക്കൗണ്ടിൽ 31.3.2018 ന് നീക്കിയിരുപ്പായി അവശേഷിക്കുന്നതായി രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാമൂലം ലഭ്യമാക്കിയ വിവരങ്ങളനുസരിച്ച് പഞ്ചായത്തിൽ ആകെ 26 അങ്കണവാടികളുള്ളതിൽ തൊടുകാപ്പ്, ചാമപറമ്പ് എന്നീ അംഗൻവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ചെത്തല്ലൂർ നോർത്ത്, പഴഞ്ചീരി, മുറിയംകണ്ണി, ചെകിടിയിൽ കുളമ്പ് എന്നീ അംഗൻവാടികളിൽ വൈദ്യുതി സൗകര്യമില്ല.

സർക്കുലർ നം. 39033/ഡി.സി2/2010/ത.സ്വ.ഭ.വ തിയതി 3.09.2010 പ്രകാരം പൂരക പോഷകാഹാര പദ്ധതിക്കായി(എസ്.എൻ.പി) ലഭ്യമാവുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, ഇതര ഭൗതിക സാഹചര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്.

13-ാം പദ്ധതി മാർഗ്ഗരേഖ സ.ഉ (എം.എസ്)നം.72/2017/ത.സ്വ.ഭ.വ തീയതി 29.03.2017 പ്രകാരം അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ നിർബന്ധിത പ്രൊജക്ടുകളായി നടപ്പിലാക്കേണ്ടവയാണ്. ആയതിനാൽ അത്തരം പദ്ധതികൾ ആവിഷ്ക്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-17 അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൺവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അംഗൺവാടികളുടെ സുരക്ഷ ഉറപ്പാക്കുന്ന ഈ സംവിധാനം ഗ്രാമപഞ്ചായത്തിലെ അംഗൺവാടികളിൽ നടന്നിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൺവാടി പ്രവർത്തകർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. മേൽ പറഞ്ഞ സർക്കാർ നിർദേശം പാലിക്കേണ്ടതും തുടർന്നുള്ള ഓഡിറ്റിൽ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

3-18 ടി.എച്ച്.ആർ.എസ് ലാബ് റിപ്പോർട്ട് സംബന്ധിച്ച്

തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ പോഷകാഹാരത്തിന്റെ ഭാഗമായി അംഗണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ 2017-18 സാമ്പത്തിക വർഷത്തിൽ 21.7.17 ന് മാത്രമാണ് ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ. ആയതിനുള്ള ലാബ് റിപ്പോർട്ട് പ്രസ്തുത കാലയളവിൽ ലഭ്യമായിട്ടുണ്ട്.

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
പാലക്കാട് ജില്ലാ പഞ്ചായത്ത്	2017-18	50000	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ(144/18)	50000	0
മണ്ണാർക്കാട്ബ്ലോക്ക് പഞ്ചായത്ത്	2017-18	446250	നെൽകൃഷിക്ക് കൂലിച്ചെലവ്(137/18)	446250	0
മണ്ണാർക്കാട്ബ്ലോക്ക് പഞ്ചായത്ത്	2017-18	222750	പെയിൻ ആന്റ് പാലിയേറ്റീവ്(143/18)	222750	0
ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്	2017-18	45000	പ്രവാസികൾക്ക് കോഴി ഫാം നടത്തുന്നതിന് ധനസഹായം(220/18)	45000	0
ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്	2017-18	108548	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(128/18)	108548	0

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി,	വൈദ്യുതിലൈൻ മാറ്റി സ്ഥാപിക്കൽ (357/18)	29/14-3-18	63553	വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല	63553

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
EMS ലോൺ	G.O(O)NO. 532/10/LSGD Dt.18-02-2010	5816082	1341032	600000	---	741032

4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ AFSലെ RP-10 ഷെഡ്യൂൾ പ്രകാരം 7070 രൂപ വരവുണ്ട്. എന്നാൽ ഈ തുകയിൽ 7000 രൂപ RP-1ൽ തൊഴിൽ നികുതിയിനത്തിലും 70രൂപ RP-4ൽ ടെലഫോൺ ചാർജ് ഇനത്തിലും വരേണ്ട തുകകൾ തെറ്റായി

ഓഡിറ്റ് റിക്കവറി എന്ന ശീർഷകത്തിൽ വരവ് വെച്ചതാണ്.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നും നിലവിലില്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും അടവാക്കിയിട്ടില്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	68565891
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	66374305
വരവിനങ്ങളിലുള്ള നഷ്ടം	:	ഒന്നുമില്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	64209/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	20,85,191/-

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	1305073	ശ്രീമതി വി.ആർ മല്ലിക, സെക്രട്ടറി
3-2	282815	പി.സിഫി,അസി.സെക്രട്ടറി
3-4	93750	-------do-------
3-7	300000	-------do-------
3-10	63553	-------do-------
3-13	40000	-------do-------
ആകെ	20,85,191/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി വി.ആർ.മല്ലിക,സെക്രട്ടറി, തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത്	സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്	സൗഗന്ധികം, ചേരാനല്ലൂർ പി.ഓ, അടപ്പിള്ളി, എറണാകുളം ജില്ല
പി.സിഫി,അസി.സെക്രട്ടറി	അസി.സെക്രട്ടറി, കുമിളി ഗ്രാമ	സിയ വില്ല, ശ്രീകൃഷ്ണ നഗർ,

	പഞ്ചായത്ത്, ഇടുക്കി ജില്ല	ആശ്രാമം പി.ഓ, കൊല്ലം ജില്ല
ശ്രീമതി.സിനി.ബി.എസ്, അസി.എഞ്ചിനീയർ	അസി.എഞ്ചിനീയർ,LSGD, മടവൂർ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം ജില്ല.	പൂരം ഹൗസ്,പെരുങ്കുഴി, തിരുവനന്തപുരം ജില്ല പിൻ-695305

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	L.F.P-(9)/1334/07/28.7.08	എല്ലാ ഖണ്ഡികകളും.
1997-98	L.F.P-(9)/1335/07/28.7.08	എല്ലാ ഖണ്ഡികകളും.
1998-99	L.F.P-(9)/1336/07/28.7.08	എല്ലാ ഖണ്ഡികകളും.
1999-00	L.F.P-(9)/1337/07/28.7.08	എല്ലാ ഖണ്ഡികകളും.
2000-01	L.F.P-(9)/1338/07/28.7.08	എല്ലാ ഖണ്ഡികകളും.
2001-02	L.F.P-(9)/1339/07/28.7.08	എല്ലാ ഖണ്ഡികകളും.
2002-03	L.F.P-(9)/427/09/7.12.09	എല്ലാ ഖണ്ഡികകളും.
2003-04	L.F.P-(9)/428/09/7.12.09	എല്ലാ ഖണ്ഡികകളും.
2004-05	L.F.P-(9)/429/09/7.12.09	എല്ലാ ഖണ്ഡികകളും.
2005-06	L.F.P-(9)/430/09/7.12.09	എല്ലാ ഖണ്ഡികകളും.
2006-07	L.F.P-(9)/431/09/7.12.09	എല്ലാ ഖണ്ഡികകളും.
2007-08	L.F.P-(9)/1971/11/16.12.11	എല്ലാ ഖണ്ഡികകളും.
2008-09	L.F.P-(9)1972/11/16.12.11	എല്ലാ ഖണ്ഡികകളും.
2009-10	L.F.P-(9)/1973/11/16.12.11	എല്ലാ ഖണ്ഡികകളും.
2010-11	L.F.P-(9)/1350/13/16.12.13	എല്ലാ ഖണ്ഡികകളും.
2011-12	L.F.P-(9)/2258/14/24.3.15	എല്ലാ ഖണ്ഡികകളും.
2012-13	KSA-PKD 9/1114/15/dt.5.10.2015	എല്ലാ ഖണ്ഡികകളും.
2013-14	KSA-PKD 9/1417/2016 Dt.9.8.2017	എല്ലാ ഖണ്ഡികകളും.
2014-15	KSA-PKD 9/1417/2016 Dt.9.8.2017	എല്ലാ ഖണ്ഡികകളും.
2015-16	KSA-PKD 9/120/2017Dt.31.1.2017	എല്ലാ ഖണ്ഡികകളും.
2016-17	KSA-PKD 9/1744/2017 dt. 08.11.2017.	എല്ലാ ഖണ്ഡികകളും.

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ സ.ഉ(സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തച്ചനാട്ടുകര

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) മുൻകൂർ റജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2) വസ്തു നികുതി രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, ഡി & ഒ രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എന്നിവയിലെ സംക്ഷിപ്തം സാക്ഷ്യപെടുത്തിയിട്ടില്ല.

3) പ്രതിമാസ ബാങ്ക് റീ കൺസീലിയേഷൻ പത്രികകൾ, ബാങ്ക് പാസ്സ്ബുക്ക്/ സ്റ്റേറ്റ്മന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) 2016-17ലെ AFS ലെ Balance sheetപ്രകാരമുള്ള(Excess of income over expenditure+2017-18ലെ Total Income) - (2017-18ലെ Total expenditure+prior period income)=2017-18ലെ Balance Sheet പ്രകാരമുള്ള Excess of income over expenditure എന്ന രീതിയിൽ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6) ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7) ഡേ ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9) നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം- 2
ഓഡിറ്റ് ചെയ്ത വരവ്-ചെലവ് കുടിശ്ശികാ പത്രികകൾ

1) INCOME AND EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	3180290.00
140000000	Fee & User Charges	I-4(b)	454364.00
150000000	Sale & Hire Charges	I-5(b)	427657.00

160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	103772490.00
171000000	Interest Earned	I-8	42379.00
180000000	Other Income	I-9	19800.00
	Total Income		107896980.00
	EXPENDITURE		
210000000	Establishment Expenses	I-10(b)	7987385.00
220000000	Administrative Expenses	I-11(b)	1964860.00
230000000	Operations & Maintenance	I-12(b)	4489913.00
240000000	Interest & Finance Charges	I-13	96.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	7006432.00
251000000	Decentralised Plan Programme-Service Sector	I-14(a)	19194659.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	622284.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	249000.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	40255808.00
255000000	Maintenance Projects	I-14(e)	23802940.00
256000000	Other Revenue Grants and Funds - Revenue Expenses	I-15(a)	82250.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	15000.00
	Total Expenditure		105670627.00
	Gross Surplus/ Deficit of income over Expenditure		2226353.00
280000000	Prior Period Item	I-18	634627.00
	Gross Surplus/Deficit of Income over Expenditure after prior period items.		1591726.00

2) RECEPT AND PAYMENT STATEMENT

For the period from 01-April-2017 to 31-March-2018

Code.No	Description of Items	Schedule No	Amount
	RECEIPTS		

	Opening Balance		
Bank	Bank		4135577.00
	Operating		
110000000	Tax Revenue	RP-1	920682.00
140000000	Fees & User Charges	RP-4	392014.00
150000000	Sale & Hire Charges	RP-5	427657.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	54187037.00
171000000	Interest Earned	RP-9	43118.00
320000000	Grants, Funds & Contributions for Specific Purposes	RP-31	3261881.00
350000000	Other Liabilities	RP-36	122898.00
	Non Operating		
180000000	Other Income	RP-10	19800.00
340000000	Deposits Received	RP-34	2459090.00
350000000	Other Liabilities	RP-36	139634.00
410000000	Fixed Assets	RP-38	4925558.00
431000000	Sundry Debtors (Receivables)	RP-43	2360196.00
460000000	Loans, Advances and Deposits	RP-47	458715.00
	Grand total		68565891.00
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	3011238.00
220000000	Administrative Expenses	RP-12	1964860.00
230000000	Operations & Maintenance	RP-13	4489913.00
250000000	Decentralised Plan Programme-Productive Sector	RP-15	3540569.00
251000000	Decentralised Plan Programme- Service Sector	RP-16	11758929.00
252000000	Decentralised Plan Programme-Infrastructure Sector	RP-17	697284.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	249000.00
254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	403108.00

255000000	Maintenance Projects	RP-20	23802940.00
256000000	Other Revenue Grants and Funds - Revenue Expenses	RP-21	82250.00
260000000	Grants, Contributions and Compensations from Own Fund	RP-22	15000.00
280000000	Prior Period item	RP-26	-38734.00
320000000	Grants, Funds & Contributions for Specific Purposes	RP-31	195000.00
350000000	Other Liabilities	RP-36	3865170.00
	Non Operating		
240000000	Interest & Finance Charges	RP-14	96.00
330000000	Secured Loans	RP-32	600000.00
340000000	Deposits Received	RP-34	2423541.00
350000000	Other Liabilities	RP-36	1569672.00
410000000	Fixed Assets	RP-38	4925558.00
412000000	Capital work in Progress	RP-40	0.0
431000000	Sundry Debtors (Receivables)	RP-43	2360196.00
460000000	Loans, Advances and Deposits	RP-47	458715.00
	Closing Balance		
Bank	Bank	RP-40(b)	2154265.00
Cash	Cash	RP-40(b)	37321.00
	Grand Total		68565891.00

3) BALANCE SHEET

For the period from 01-April-2017 to 31-March-2018

Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	12288349.00
312000000	Reserves	B-3	40974270.00

	Total Reserve & Surplus		53262619.00
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	2735097.00
	Total Grants, Contributions for Specific Purposes		2735097.00
	Loans		
330000000	Secured Loans	B-5	741032.00
	Total Loans		741032.00
	Current Liabilities & Provisions		
340000000	Deposits Received	B-7	214499.00
350000000	Other Liabilities	B-9	631074.00
	Total Current Liabilities and Provisions		845573.00
	TOTAL LIABILITIES		57584321.00
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	47312910.00
412000000	Capital Work in Progress	B-11(a)	1834642.00
	Total Fixed Assets		49147552.00
	Investments		
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	4038711.00
440000000	Pre-paid Expenses	B-16	741032.00
450000000	Cash and Bank Balance	B-17	2191586.00
460000000	Loand, Advances and Deposits	B-18	1465440.00
	Total Current Assets, Loans and Advances		8436769.00
	Other Assets		
	Miscellaneous Expenditure (To the Extent not written off)		

	TOTAL ASSETS	57584321.00

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്